LIBRARY ARCHIVES Kerala Legislative Assembly

സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി

140 (1611) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) ഏത് ഏജൻസി മുഖേനയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്; ഇതിന് എന്ത് തുക ചെലവഴിക്കപ്പെട്ടിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) 2011-12 ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടില്ല. കൃഷിവകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ സംയോജിപ്പിച്ച് ഒരു കടക്കീഴിൽ കൊണ്ടുവന്ന് ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിലേക്കായി കൺസൾട്ടന്റായി നിയമിച്ചിരുന്ന കൺസോർഷ്യം ഓഫ് അബാക്കസ് ലീഗൽ ഗ്രൂപ്പ് എൽ.എം.ബി. ഇൻഷ്വറൻസ് ബ്രോക്കേഴ്സ് ലിമിറ്റഡ് കരട് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ കേരളത്തിൽ വിളനാശമുണ്ടാക്കുന്ന പ്രകൃതിക്ഷോഭ കാരണങ്ങളായ വരൾച്ച മുതലായവ ഉൾപ്പെടുത്താത്തതിനാലും കേന്ദ്രാവിഷ്കൃത ഇൻഷ്വറൻസ് പദ്ധതികളുമായി ഏകോപനം ഇല്ലാത്തതിനാലും പ്രസ്തുത പ്രൊപ്പോസൽ നടപ്പിലാക്കാൻ സാധിച്ചില്ല. നിലവിൽ കൃഷിവകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാനവിള ഇൻഷ്വറൻസ് പദ്ധതി ശക്തിപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

വയനാട്-കൃഷി വകുപ്പിന്റെ പദ്ധതികൾ

141 (1612) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കൃഷി വകുപ്പിന്റെ വയനാട് ജില്ലയിലെ പദ്ധതി ഇനത്തിലുള്ള സാമ്പത്തിക ലക്ഷ്യം , നേട്ടം എന്നിവ വ്യക്തമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷത്തെ സാമ്പത്തിക ലക്ഷ്യം , നേട്ടം എന്നിവ വ്യക്തമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ ;

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കൃഷി വകുപ്പിന്റെ വയനാട് ജില്ലയിലെ പദ്ധതി ഇനത്തിലുള്ള സാമ്പത്തിക ലക്ഷ്യം, നേട്ടം എന്നിവ ചുവടെ ചേർക്കുന്നു :

1.	2014-2015 വർഷത്തെ സാമ്പത്തിക ലക്ഷ്യം	-	2841.33989 ലക്ഷം രൂപ
2.	2014-2015 വർഷത്തെ സാമ്പത്തിക നേട്ടം	-	2841.01936 ലക്ഷം രൂപ

(ബി) നടപ്പു സാമ്പത്തിക വർഷത്തെ സാമ്പത്തിക ലക്ഷ്യം, നേട്ടം എന്നിവ ചുവടെ ചേർക്കുന്നു

1.	2015-2016 വർഷത്തെ സാമ്പത്തിക ലക്ഷ്യം	-	1979.47325 ലക്ഷം രൂപ
2.	2015-2016 വർഷത്തെ സാമ്പത്തിക നേട്ടം	-	1396.91081 ലക്ഷം രൂപ

(സി) താലൂക്ക് അടിസ്ഥാനത്തിൽ 2015 നവംബർ മാസം വരെ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

1.	സുൽത്താൻ ബത്തേരി	-	620.74380 ലക്ഷം രൂപ
2	മാനന്തവാടി	-	519.26774 ലക്ഷം രൂപ
3.	വൈത്തിരി	-	256.89927 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly